പട്ടിണിയുടെ വറുതിയിൽ വൈകിട്ട് തോട്ടത്തിലെ ജോലി കഴിഞ്ഞ് തിരികെയെത്തുന്ന അച്ഛനെയും അച്ഛന്റെ കയ്യിലെ പൊതിയെയും കാത്തിരിക്കുന്ന അമ്മയും ഏഴ് കുട്ടികളും ഒരു പക്ഷെ കഥയിൽ വായിച്ച് പരിചയമുണ്ടാകും. ജീവിതത്തിൽ ആ ഘട്ടത്തിലൂടെ കടന്നുപോയ ഒരു ബാല്യത്തിന് എന്ത് ഭാവിയാണ് സ്വപ്നം കാണാൻ കഴിയുക? പൌലോ കൊയ്‌ലോ പറഞ്ഞത് പോലെ ആഗ്രഹം തീവ്രമാണെങ്കിൽ എന്തും നേടാം എന്നാണ് അനുഭവങ്ങളുടെ സാക്ഷ്യം.അങ്ങനെ വറുതിയുടെ വരണ്ട മണ്ണിൽ നിന്നും തീവ്രമായ അഭിലാഷങ്ങളുടെ വളവും വെള്ളവും നൽകി കായികതാരമായും, പട്ടാളക്കാരനായും, പാട്ടുകാരനായും ഒടുവിൽ ബാങ്ക് ജീവനക്കാരനായും മാറിയ ഒരാളെ ഈ ആഴ്ച പരിചയപ്പെടുത്തുന്നു.

രമേഷ് ബി,
സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ,
മേപ്പാടി ശാഖ.

മുത്തച്ഛന്റെ കാലത്ത് കർണാടകയിൽ നിന്നും വയനാട്ടിലേക്ക് കുടിയേറി പാർത്തതാണ് രമേഷിന്റെ കുടുംബം. അച്ഛൻ ബോറൻ ചെമ്പ്ര പീക്ക് എസ്റ്റേറ്റിൽ തൊഴിലാളി ആയിരുന്നു. അമ്മ കാളിയും എസ്റ്റേറ്റിലെ താത്കാലിക ജീവനക്കാരിയായിരുന്നു. അമ്മയും രമേഷ് അടക്കം ഏഴ് കുട്ടികളും ആ തുച്ഛമായ വരുമാനത്തിൽ എങ്ങനെ ജീവിച്ചു എന്നത് ഇന്നും ചിന്തിക്കാൻ കഴിയാത്തതാണ് എന്ന് പറയുമ്പോൾ രമേഷിന്റെ കണ്ഠം ഇടറി.

കായികഇനങ്ങളിലും കാൽപന്ത് കളിയിലും മിടുക്കനായ ചേട്ടനെ ഒളിഞ്ഞു നിന്ന് നോക്കിയാണ് രമേഷ് കായികഇനങ്ങളിൽ തല്പരനായത്.
പത്താം തരം വരെ പഠിച്ച മേപ്പാടി ഗവണ്മെന്റ് ഹൈസ്കൂളിലെ പി ടി മാഷ് ചന്ദ്രൻ ആണ് രമേഷിന്റെ കഴിവുകളെ തിരിച്ചറിഞ്ഞ ആദ്യവ്യക്തി. നിനക്ക് പറ്റിയത് ത്രോ ഇനങ്ങളാണെന്ന് പറഞ്ഞ് മാഷ് രമേഷിനെ പ്രോത്സാഹിപ്പിക്കുകയും അഞ്ചാം ക്ലാസ്സ് ആവുമ്പോഴേക്കും രമേഷിനെ സ്കൂളിലെ സ്പോർട്സ് ലീഡർ ആക്കുകയും നിരവധി ചുമതലകൾ ഏൽപ്പിക്കുകയും ചെയ്തു.

ഇതിനകം തന്റെ പ്രിയ ഇനങ്ങളായി മാറിയ ജാവലിൻ, ഡിസ്ക്, ഷോട്ട് ഇനങ്ങളിൽ കൂടുതൽ പരിശീലനം നേടാനും ബോഡി ബിൽഡിങ്ങിൽ താല്പര്യം ഉണ്ടാകാനും ഇത് ഏറെ പ്രയോജനം ചെയ്തു എന്ന് രമേഷ് നന്ദിയോടെ ഓർക്കുന്നു.

ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു മത്സരത്തിന് പങ്കെടുക്കാൻ

പുതിയ ട്രൗസറും, ടീ ഷർട്ടും ഷൂസും ഇല്ലാത്തത് കൊണ്ട് പങ്കാളിത്തം നഷ്ടപ്പെടും എന്ന അവസരത്തിൽ മാഷ് തന്നെ ഇതൊക്കെ വാങ്ങിക്കൊടുത്ത കഥ പറയുമ്പോൾ ഫോണിന്റെ അങ്ങേ തലയ്ക്കൽ രമേഷിന്റെ സാന്നിദ്ധ്യം ഇല്ലാതായോ എന്ന് തോന്നി.

അച്ഛൻ ജോലിയിൽ നിന്നും വിരമിച്ചതോടെ
കുടുംബത്തിനുണ്ടായിരുന്ന ചെറിയ വരുമാനം കൂടി ഇല്ലാതായി. പിന്നെ കാര്യങ്ങൾ മുന്നോട്ട് പോകാൻ വേണ്ടി ചേട്ടൻ കൃഷ്ണൻ ജോലിക്ക് പോയി തുടങ്ങി. രമേഷ് ചേട്ടനെ സഹായിക്കാൻ തയാറായെങ്കിലും ചേട്ടൻ ഒരിക്കലും അതനുവദിച്ചില്ല. ചേട്ടൻ അറിയാതെ ചെറിയ ചെറിയ ജോലികൾ ചെയ്താണ് രമേഷ് കുടുംബത്തിന് താങ്ങായത്. പത്താം ക്ലാസ്സ് കഴിഞ്ഞ് രമേഷ് എസ്റ്റേറ്റിലെ ഒരു മാനേജരുടെ വീട്ടിൽ ജോലിക്ക് ചേർന്നു. വീട്ടിലെ കാര്യങ്ങൾ നോക്കുന്നതിനിടയിൽ കൽപ്പറ്റ എൻ എം എസ് എം ഗവണ്മെന്റ് കോളേജിൽ പ്രീഡിഗ്രിക്കും ചേർന്നു. കോളേജിലെ പഠനവും ജോലിയും മുടങ്ങാതെ കൊണ്ടുപോകാൻ ഉള്ള അനുവാദം രമേഷിനെ മകനെപ്പോലെ കാണാൻ സന്മനസ്സുള്ള മാനേജർ ശ്രേഷ്ഠക്കുണ്ടായി.
രമേഷിന് പട്ടാളത്തിൽ ചേരാൻ താല്പര്യം ഉണ്ടെന്ന് അറിഞ്ഞ അദ്ദേഹത്തിന്റെ മകൾ വന്ദന ശ്രേഷ്ഠ പത്രപരസ്യം കണ്ട് രമേഷിന് വേണ്ടി അപേക്ഷിച്ചത് തെരഞ്ഞെടുപ്പിനുള്ള കത്ത് കയ്യിൽ കിട്ടുമ്പോഴാണ് രമേഷ് അറിഞ്ഞത്.

അങ്ങനെ രമേഷ് പട്ടാളക്കാരനായി. ബീഹാർ, മേഘാലയ, ജമ്മു, ബാംഗ്ളൂർ, സിക്കിം ലേ ലഡാക്ക് എന്നിവടങ്ങളിലൊക്കെ ജോലി നോക്കി 2011ൽ പിരിഞ്ഞു. സിക്കിമിൽ ജോലി ചെയ്യുന്ന കാലത്ത് താൻ ഓടിച്ച ട്രക്ക് ഒരു കൊക്കയിലേക്ക് നിയന്ത്രണം വിട്ട് പതിച്ചതും അത്ഭുതകരമായി രക്ഷപ്പെട്ടതും, കാർഗിൽ യുദ്ധസമയത്ത് നേരിൽ കണ്ട ഭീകരമായ കാഴ്ചകളും ഇന്നും രമേഷിന് പൊള്ളുന്ന ഓർമകളാണ്.

പട്ടാളത്തിൽ നിന്നും പിരിഞ്ഞ കാലത്താണ് തന്റെ ജൂനിയർ ആയിരുന്ന ഒരാൾ രമേഷിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. "ഏട്ടൻ ബോഡി ബിൽഡിങ്ങിൽ കൂടുതൽ ശ്രദ്ധിക്കണം" എന്ന ആളുടെ ഉപദേശം ഒരുപാട് സഹായകമായി.
2011ൽ തന്നെ മിസ്റ്റർ വയനാട് സീനിയേഴ്സ് 80കിലോ വിഭാഗത്തിൽ രമേഷ് രണ്ടാം സ്ഥാനം നേടി. 2014ൽ മിസ്റ്റർ കേരളയിൽ റണ്ണർ അപ്പ്, അതേ വർഷം മിസ്റ്റർ ഇന്ത്യ മത്സരത്തിൽ പങ്കാളിത്തം, 2018ൽ ജില്ലാ അത്‌ലറ്റിൽ രണ്ട് സ്വർണം, ഒരു വെള്ളി, 2019ൽ നടന്ന പവർലിഫ്റ്റിൽ മാസ്റ്റേഴ്സ് സ്ട്രോങ്ങ് മാൻ ഓഫ് വയനാട് അംഗീകാരം,
തിരുവനന്തപുരത്ത് നടന്ന സംസ്ഥാന അത്‌ലറ്റിക് മീറ്റിൽ ഒരു സ്വർണം മൂന്ന് വെങ്കലം..

രമേഷിന്റെ ജൈത്രയാത്ര തുടരുകയാണ്. ദിവസം
നാലഞ്ചുമണിക്കൂറാണ് രമേഷ് ജിമ്മിൽ ചിലവാക്കുക.

2013ൽ രമേഷ് സെൻട്രൽ ബാങ്കിൽ ജീവനക്കാരനായി. കുമിളിയിൽ ആണ് ജോലിക്ക് ചേർന്നത്. പിന്നീട് സ്ഥലം മാറ്റം വാങ്ങി നാട്ടിലെത്തിയെങ്കിലും ഒരിക്കൽ പോലും തന്റെ ജോലിസമയം ഇത്തരം കാര്യങ്ങൾക്ക് നീക്കി വച്ചിട്ടില്ലെന്ന് രമേഷ് പറയുന്നു. സഹപ്രവർത്തകർക്കും രമേഷിനെകുറിച്ച് വളരെ നല്ല അഭിപ്രായം. സമയം നോക്കാതെ സ്വന്തം വണ്ടിയിൽ മാനേജരെയും കൂട്ടി എൻ പി എ ക്കാരെ കാണാൻ കൂടെ എത്തുന്ന ആംഡ് ഗാർഡിനെ കുറിച്ച് മാനേജർക്ക് നൂറ് നാവ്.

നല്ല ഒരു കരോക്കെ ഗായകൻ ആയ രമേഷിന് തമിഴ്, മലയാളഭക്തിഗാനങ്ങൾ, മാപ്പിളപ്പാട്ടുകൾ എന്നിവയോടാണ് കമ്പം. അഭിനയത്തിലും രമേഷ് ഒരു കൈ നോക്കി. തമിഴിൽ "അഹിംസൈ 01.01.2014" എന്ന ഹ്യസ്വചിത്രം, "നർമ്മസല്ലാപം" എന്ന മലയാള ഹ്യസ്വചിത്രം, എന്നിവക്ക് പുറമെ ദേവു നായകനായ "പർച്ചണ്ടി" എന്ന കന്നട സിനിമയിൽ ഒരു സഹവില്ലനായും ശ്രദ്ധ നേടി.

ഭാര്യ ഉമാദേവിയും പ്ലസ് വൺ വിദ്യാർത്ഥിയായ ആദിത്യനും ഏഴാം ക്ലാസ്സ് കാരിയായ അപർണ്ണയും അടങ്ങുന്ന കുടുംബം വായനാട്ടിലാണ് താമസം.

താൻ ഈശ്വരനെപ്പോലെ കാണുന്ന ജ്യേഷ്ഠൻ കൃഷ്ണനെ അദ്ദേഹത്തിന്റെ ബുദ്ധിമുട്ട് കാലത്ത് വേണ്ട പോലെ സഹായിക്കാൻ പറ്റിയില്ല എന്നത് നീറുന്ന ഒരു ഓർമപ്പെടുത്തലാണ് രമേഷിന്. ജോലിക്കൊപ്പം തന്റെ ഇഷ്ടമായ ബോഡി ബിൽഡിംഗ്, സംഗീതം ഇവയൊക്കെ നെഞ്ചോട് ചേർക്കാൻ മോഹിക്കുന്ന രമേഷിന് എല്ലാ ആശംസകളും നേരുന്നു.

---------------------------------------------------------------------------------------------

**English Version**

We may have read or heard stories of families going through the trials of poverty, of an impoverished mother and her seven kids awaiting the arrival of their father in the evening from his work at the estate, and the crumbled packet of food he brings in his wearied hands. What can a real-life boyhood spent so, dream of? Here we come to think of Paulo Coelho's famous words, "When a person really desires something, all the Universe conspires to help that person realize his dream." Thus from the drought of penury, enriched by sheer desire

to rise, arose an all-rounder: a sportsman, army personnel, singer and ultimately a successful banker –

Ramesh B
Central Bank of India
Meppadi Branch

Ramesh's family migrated from Karnataka to Wayanad at the time of his great grandfather. His father, Boran, was employed at the Chembra peak estate, where his mother, Kaali, too worked on temporary labour. Ramesh's voice quavered with anguish as he described how his family comprising his parents and seven kids including him lived on the this meagre income.

Ramesh got attracted to sports watching his elder brother excelling in various sports items and football. His own skills in the field were first recognized by the P T sir, Chandran, of Meppadi Government School, where he studies till 10th standard. He suggested that Ramesh has a flair for throw events, and encouraged him and made him the school's sports leader by the time he reached his 5th grade and trusted him with various responsibilities in the field.

This motivation encouraged him to practise his favourite sports items like javelin throw, discus throw, shot put and also got him attracted to body building – Ramesh reminisces with gratitude. He became almost silent as he discussed over telephone an instance while he was in his 9th standard and it so occurred that he was denied the chance to take part in a competition without wearing new trousers, t – shirt and shoes, and Chandran sir himself bought these for him.

As his father retired, the family lost the only meagre sustaining income and his elder brother Krishnan went out to work. Though Ramesh so wanted to assist his brother in helping out the family, his brother never allowed him to do so. Hence, he resorted to doing odd jobs without his brother's notice to bring in the money. After completing his 10th standard, he did the house-hold works for one of the managers in the estate along with his Pre-degree studies at the N.M.S.M. Government College, Kalpetta. The manager, Sreshta, who loved him like his own son was benevolent enough to let him pursue his college studies along with the works done for him. He was surprised when he received a letter for selection in the Army, the application having been sent by the manager's daughter Vandana Sreshta who sensed his desire to join the forces.

Thus Ramesh joined the Army. He served in various locations like Bihar, Meghalaya, Jammu, Bangalore, Sikkim and Leh Ladakh and retired in 2011. The fall of the truck driven by him into a deep ditch and his miraculous escape while on duty at Sikkim, and the terrifying nightmarish sights that met his eyes during the Kargil war are scorching memories etched deep in his mind.

It was around the time he retired from the Army that one of his juniors suggested that he concentrate more on body building. This turned out to be the inspiration for the next phase of his life. The same year he won the second place in the 'Mr. Wayanad seniors 80kg' category. In 2014 he became the Mr. Kerala runner up and also participated in the Mr. India competition. He won two gold medals and one silver medal in the 2018 District Athlete, was selected as Masters Strongman of Wayanad in a power lifting event held in 2019, one gold medal and three bronze medals in the State level athletic meet conducted in Thiruvananthapuram… his winning strike continues. He spends around 4 to 5 hours tirelessly in the Gym.

Ramesh joined the Central Bank of India in its Kumili branch in the year 2013. Though he got transferred from there to his hometown, he claims that not a moment of his duty time was utilized for nurturing his passions. All his colleagues have only good words to speak about him. The manager is all-praises for the Armed guard who goes by his own vehicle along with the manager to visit all NPA Customers, any time of the day.

Ramesh, who is also a good Karaoke singer, is fond of Tamil and Malayalam bhakti songs and mapilapaatus. He has also tried his hands in acting. He has acted in a Tamil short film, 'Ahimsai 01.01.2014' and a Malayalam short film 'Narmasallapam' and was noted for his character as a co-villain in a Kannada movie 'Parchandi' with Devu as the hero.

His family consisting of his spouse, Mrs. Umadevi, Plus 1 student Aadityan and 7th standard student Aparna stay in Wayanad.

The thoughts that he couldn't help his elder brother, Krishnan, as he ought to have at his time of need, is extremely painful to him still.

We wish him all success in his endeavours to nurture his passions for body building, sports and music along with dedicating himself completely to his duty in the bank.

------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry, City Exchange, Deira Dubai Branch, UAE